2025 - 2026

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

---

## പാഠ്യപ്രവർത്തനങ്ങളും
## ദിനാചരണങ്ങളും

---

## ജി.യു.പി.എസ്. പുതുരുത്തി

## ആമുഖം

വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ഒന്നാം ഡിവിഷനിലാണ് ഗവൺമെന്റ് യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. സമഗ്ര ഗുണമേന്മ വികസനം സാധ്യമാക്കുന്നതിനുവേണ്ടി ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കുന്നതാണ് ഈ സ്കൂൾ മാസ്റ്റർ പ്ലാൻ. "അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്" എന്ന ആശയത്തിലൂന്നിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ മേഖലയിലെ വികസനം ലക്ഷ്യം വെച്ചുകൊണ്ടാണ് ഇതിലെ കർമ്മപദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക സന്നദ്ധസംഘടനാ പ്രവർത്തകർ, സർക്കാർ-സർക്കാരിതര ഏജൻസികൾ എന്നിവരുടെ സഹകരത്തിലൂടെ സ്കൂളിന്റെ സമഗ്രവികസനം സാധ്യമാക്കുന്നതിനുള്ള യജ്ഞത്തിലാണ് ഞങ്ങളേവരും.

വിദ്യാലയത്തിന്റെ സർവ്വതോന്മുഖ വികസനപ്രവർത്തനങ്ങളിൽ സജീവസാന്നിധ്യമായി പ്രവർത്തിച്ചുവരുന്ന PTA, MPTA, OSA വടക്കാഞ്ചേരി BRC, വടക്കാഞ്ചേരി നഗരസഭ, പദവർത്തനനിരതരായ അധ്യാപകർ ഇവരെല്ലാംതന്നെ ഈ വിദ്യാലയത്തിന്റെ ഗുണമേന്മയുള്ള സമ്പത്താണ്.

# പുതുരുത്തി ഗവ. യു.പി.സ്കൂളിന്റെ ചരിത്രം

സ്വകാര്യവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും വിദ്യാഭ്യാസരംഗത്തെ ശക്തമായി സ്വാധീനിക്കുന്ന ഇക്കാലത്ത് പുതുരുത്തിയിലെ പഴയ വിദ്യാഭ്യാസചരിത്രം നമുക്ക് മനസ്സിലാക്കാം.

പഴയ കൊച്ചിമഹാരാജാവിന്റെ ഭരണകാലത്ത് ഇവിടത്തെ പ്രമുഖരിൽ ഒരാളായിരുന്നു ശ്രീ അനന്തനാരായണ അയ്യർ. അദ്ദേഹത്തിന്റെ നടപ്പുരയിൽ ഒരു ഓലഷെഡ്ഡിലാണ് ആദ്യമായി പുതുരുത്തി ഗ്രാമത്തിൽ ഈ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നത്. അക്കാലത്ത് MS (മലയാളം സ്കൂൾ) പുതുരുത്തി എന്നാണ് ഈ സ്ഥാപനം അറിയപ്പെട്ടിരുന്നത്.

1919 ൽ ആണ് ഈ സ്ഥാപനം ഇപ്പോഴുള്ള സ്ഥലത്തേക്ക് മാറ്റിയത്. എങ്കിലും ഓലഷെഡ്ഡിൽ തന്നെയാണ് പ്രവർത്തിച്ചിരുന്നത്. 1922 ൽ ഈ ഓലഷെഡ്ഡ് തകർന്നുവീണു. അതിനുശേഷം ഗവൺമെന്റ് ഈ സ്ഥാപനം ഏറ്റെടുക്കുകയും നാട്ടുകാരുടെ സഹായത്തോടെ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുകയും ചെയ്തു. തുടക്കത്തിൽ ഒന്നു മുതൽ നാല് വരെയുള്ള ക്ലാസ്സുകളാണ് ഉണ്ടായിരുന്നത്. 4½ ക്ലാസ്സ് ആരംഭിച്ചെങ്കിലും പിന്നീട് വേണ്ടെന്ന് വെക്കുകയുമാണുണ്ടായത്.

പുതുരുത്തി, കോട്ടപ്പുറം, മങ്ങാട്, ആറ്റത്ര എന്നീ പ്രദേശങ്ങളിൽ നിന്ന് പ്രതികൂലസാഹചര്യങ്ങളെപ്പോലും മറികടന്ന് വിദ്യാർത്ഥികൾ എത്തിച്ചേർന്നിരുന്നു. ഓരോ ഡിവിഷനുണ്ടായിരുന്നത് രണ്ടും മൂന്നും ഡിവിഷനുകളായി മാറി. 1994 ൽ ഈ വിദ്യാലയത്തിന്റെ വജ്രജൂബിലി ആഘോഷിച്ചു.

കേവലം എൽ.പി.സ്കൂൾ മാത്രമായിരുന്ന ഈ സ്ഥാപനം 1981, 82, 83 വർഷങ്ങളിലായി 5, 6, 7 ക്ലാസ്സുകൾ ആരംഭിച്ചു. അങ്ങനെ പുതുരുത്തി ഗവ.യു.പി.സ്കൂൾ ആയി. 2009 ൽ ഈ വിദ്യാലയത്തിന്റെ 90-ാം പിറന്നാൾ രണ്ടുമൂന്നു ദിവസം നീണ്ടുനിന്ന വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.

2019 ൽ നൂറാം വാർഷികം ഒരു വർഷം നീണ്ടുനിന്ന വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി. 2023-34 അധ്യയനവർഷത്തിൽ സ്കൂളിനായുള്ള പുതിയകെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു. നിർമ്മാണം തുടർന്നുകൊണ്ടിരിക്കുന്നു. 2023-24 അധ്യയനവർഷത്തിൽ പുതിയ കിച്ചൻ കം സ്റ്റോറിന്റെ നിർമ്മാണം കഴിഞ്ഞ് ഉദ്ഘാടനം നടത്തി. ഇതേവർഷം തന്നെ നഴ്സറി ക്ലാസ്സിലെ കുട്ടികളുടെ ശേഷിവികസനത്തിനായി 13 ഇടങ്ങളിലായി സജ്ജീകരിച്ച "വർണ്ണകൂടാരം" നിർമ്മാണം ആരംഭിച്ച് 2025 ഏപ്രിൽ മാസത്തിൽ ഉദ്ഘാടനം നടത്തി.

## ലക്ഷ്യങ്ങൾ

- ✸ കുട്ടികൾ നേടിയിരിക്കേണ്ട ശേഷികളും ധാരണകളും, നൈപുണികളും അവരുടെ കഴിവിനനുസരിച്ച് നേടിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുക.
- ✸ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുക. ടാലന്റ് ലാബ് മികച്ചരീതിയിൽ നടപ്പിലാക്കാൻ മുനിസിപ്പാലിറ്റിയുടെ സഹായം തേടുക.
- ✸ എല്ലാ ക്ലാസ്സുകളിലും കഠ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കുക.
- ✸ കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
- ✸ മാലിന്യസംസ്ക്കരണ സംസ്കാരം പുതിയ തലമുറയിലേക്കും എത്തിക്കുക. തുമ്പൂർമുഴി പ്ലാന്റ് ഉദ്ഘാടനം.
- ✸ ഓരോകുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷാജ്ഞാനവും ആശയ വിനിമയ ശേഷിയും നേടുക.
- ✸ പൊതുവിദ്യാലയത്തിനെ മികവിന്റെ കേന്ദ്രങ്ങളാക്കുക.
- ✸ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാവരിലും ഉറപ്പുവരുത്തുക.
- ✸ ഓരോ വിഷയത്തിലും ആശയ ദൃഢത ഉറപ്പിക്കുക.
- ✸ വിദ്യാലയത്തിന് ലാബ്, ലൈബ്രറി െന്നിവയ്ക്കായി പുതിയ ക്ലാസ്സ് റൂമുകൾ പണി യുക.
- ✸ ഇംഗ്ലീഷ് നൈപുണി വർദ്ധിപ്പിക്കാനായി ക്യാമ്പുകൾ നടത്തുക.
- ✸ ചുറ്റുമതിൽ കെട്ടി സ്കൂളിന്റെ ഭദ്രത ഉറപ്പുവരുത്തുക.
- ✸ സ്കൂളിന്റെ പുതിയ കെട്ടിടത്തിന് മുന്നിൽ ടൈൽ വിരിച്ച് ആകർഷകമാക്കുക.

# മലയാളം

## ലക്ഷ്യങ്ങൾ

- ✷ എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുവെന്നു ഉറപ്പാക്കുക.
- ✷ എല്ലാകുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.
- ✷ കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
- ✷ സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ✷ ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവുനേടുക.
- ✷ ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ✷ സർഗ്ഗാത്മക രചനകൾ പുസ്തകരൂപത്തിൽ ഇറക്കുക.
- ✷ വിദ്യാരംഗം ക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.
- ✷ അക്ഷരമറിയാതെ ഒരുകുട്ടിപോലും വിദ്യാലയം വിടുന്നില്ലെന്ന് ഉറപ്പാക്കുക.
- ✷ സ്കൂൾ സാഹിത്യവേദിയിലൂടെ പ്രതിഭകളെ കണ്ടെത്തി വളർത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • വായന | • ചിത്രവായന<br>• ചിത്രകാർഡ് തയ്യാറാക്കൽ<br>• വായനമൂല തയ്യാറാക്കൽ<br>• പത്ര വായന<br>• വായന കാർഡ് തയ്യാറാക്കൽ<br>• സംഭാഷണമൊരുക്കൽ<br>• വീട്ടുലൈബ്രറി ഒരുക്കൽ<br>• കടങ്കഥപ്പയറ്റ്<br>• നാടൻപാട്ടുകളുടെ അവതരണം<br>• കഥോത്സവം<br>• റോൾപ്ലേ അവതരണങ്ങൾ<br>• പുസ്തക പരിചയം<br>• വിദ്യാരംഗം<br>• സർഗ്ഗവേള<br>• ഡോക്യുമെന്ററി പ്രദർശനം<br>• ക്വിസ്, പ്രസംഗ മത്സരങ്ങൾ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ്ടീച്ചർ<br>രക്ഷിതാക്കൾ | അധ്യാപകർ<br>പി.ടി.എ. |
| • ലേഖനം | • സചിത്ര ബുക്ക്<br>• സംയുക്ത ഡയറി<br>• കടങ്കഥ പതിപ്പ് | ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ<br>SRG<br>രക്ഷിതാക്കൾ | അധ്യാപകർ<br>പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| | • പഴഞ്ചൊല്ല് ശേഖരണം<br>• നാടൻപാട്ടുകളുടെ ശേഖരണം<br>• കഥ ശേഖരണം<br>• പാചകക്കുറിപ്പ് തയ്യാറാക്കൽ<br>• കത്തുകൾ തയ്യാറാക്കൽ<br>• വായന കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ്<br>• സ്വന്തമായി പതിപ്പ് തയ്യാറാക്കൽ<br>• കവിത പൂർത്തിയാക്കൽ<br>• രചനോത്സവം | | | |

# ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ**

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് (നാടകീകരണം, കവിതാലാപനം, സംവാദം....) അവസരമൊരുക്കുക.
- സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.
- ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക.
- സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.
- ഇംഗ്ലീഷിനായി പ്രത്യേക പഠന ക്യാമ്പുകൾ.
- ഹലോ ഇംഗ്ലീഷ്. ഇംഗ്ലീഷ് ടൈം, ഇംഗ്ലീഷ് അസംബ്ലി എന്നിവയ്ക്കുപുറമെ ഇംഗ്ലീഷിലുള്ള രചനകൾ പ്രോത്സാഹിപ്പിക്കുക.
- ഇംഗ്ലീഷ് പത്രവായന, ന്യൂസ് കേൾക്കൽ എന്നിവ നിത്യജീവിതത്തിന്റെ ഭാഗമാക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | • ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി<br>• റീഡേഴ്സ് തിയറ്റർ<br>• പുസ്തക പരിചയം<br>• Reading Card വായന<br>• ചിത്രവായന വിവരണം തയ്യാറാക്കൽ<br>• റേഡിയോ TV വാർത്തകൾ കേൾപ്പിക്കുന്നു. | ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ | പി.ടി.എ. അധ്യാപകർ |
| • വായന പരിപോഷണം | • ലൈബ്രറി പുസ്തകവായന<br>• പത്രവായന<br>• പാഠപുസ്തക പ്രവർത്തനങ്ങൾ | ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ | |
| • സർഗാത്മകതാ പരിപോഷണം | • പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ<br>(skit, conversation, story telling, letter writing)<br>• മാസിക തയ്യാറാക്കൽ picture description, word web. word chain, conversation, add more lines, develop story, notice, diary, announcement. | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ | |
| • ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | • ഇംഗ്ലീഷ് ഫെസ്റ്റ്<br>• വിദ്യാരംഗം<br>• വായനാമത്സരം, രചനാമത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | മാസത്തിൽ ഒന്ന് | | |
| ICT | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | ആവശ്യാനുസരണം | | |

# ഗണിതം

## ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.
* ഓരോ പ്രായത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
* ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക,
* ഗണിത മാഗസിൻ, ഗണിതക്വിസ്, ഗണിത രൂപങ്ങൾ എന്നിവയിലൂടെ ഗണിതാഭി രുചി വളർത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| • സംഖ്യാബോധം | • സംഖ്യാകാർഡ് നിർമ്മാണം<br>• നമ്പർ ബുക്ക് തയ്യാറാക്കൽ<br>• സംഖ്യ പാറ്റേണുകൾ തയ്യാറാക്കൽ<br>• കലണ്ടർ പാറ്റേണുകൾ രൂപീകരിക്കൽ<br>• ആരോഹണക്രമം അവരോഹണക്രമം.<br>• സംഖ്യകളെ വ്യത്യസ്തരീതിയിൽ മാറ്റിയെഴുതുക,<br>• സംഖ്യകളെ അബാക്കസിൽ ചിത്രീകരിക്കുക. | ജൂൺ – ആഗസ്റ്റ് | ക്ലാസ്ടീച്ചർ<br>SRG<br>രക്ഷിതാക്കൾ | പി.ടി.എ.<br>അധ്യാപകർ |
| • ഗണിത കിറ്റ് | • ഗണിത പഠനത്തിന് ഗണിത കിറ്റ് തയ്യാറാക്കുന്നു. | | | |
| • ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | • സങ്കലന, വ്യവകലന, ചിഹ്നങ്ങൾ (+, -) തിരിച്ചറിയുന്നു | | | |
| • പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | • ക്രിയ ചെയ്യാം<br>• ജോഡി കണ്ടെത്താം<br>• സംഖ്യാ ചക്രം<br>• ഗണിതകേളികൾ<br>• കാർഡുകളി<br>• കച്ചവടക്കളി<br>• പാമ്പും കോണിയും<br>• ഡയസ് കളി<br>• മോണോപോളി | മ | | |
| • ഗണിതപഠന പ്രവർത്തനങ്ങൾ സുതാര്യമാക്കൽ | • സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.<br>• ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം<br>• ക്ലോക്ക്, കലണ്ടർ നിർമ്മാണം<br>• ഗണിത അസംബ്ലി<br>• ഗണിത നിഘണ്ടു തയ്യാറാക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | • ജ്യോമട്രിക്കൽ പാറ്റേൺ വരയ്ക്കൽ<br>• നമ്പർ ചാർട്ട് വരയ്ക്കൽ<br>• ശിൽപ്പശാല<br>• ഗണിതാശയങ്ങൾ ICT സംവിധാനം ഉപയോഗിച്ച് കാണിക്കുന്നു<br>• ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട കളികൾ ICT സംവിധാനം ഉപയോഗിച്ച് ചെയ്യുന്നു. | | | |

# എൽ.പി. പരിസരപഠനം - ശാസ്ത്രം യു.പി.

## ലക്ഷ്യങ്ങൾ

- ✸ ശാസ്ത്രപഠനത്തിന് താല്പര്യം വളർത്തുക
- ✸ ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.
- ✸ പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക.
- ✸ കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- ✸ ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.
- ✸ ശാസ്ത്ര ക്ലാസ്സുകളിൽ കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുക.
- ✸ കുട്ടികളെ ഗവേഷണാത്മകമായ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.
- ✸ കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
- ✸ പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും നിർമ്മിക്കൽ.
- ✸ പ്രവർത്തിച്ച് പഠിക്കാൻ കൂടുതൽ അവസരം നൽകുക.
- ✸ ശാസ്ത്രക്ലബ്ബിൽ ശാസ്ത്രജ്ഞരുടെ ജീവിതം പരിചയപ്പെടുത്തുക.
- ✸ സ്വന്തമായി നടത്തുന്ന പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • പരിസ്ഥിതി സൗഹൃദ മനോഭാവം | • പ്രകൃതി നടത്തം<br>• ആവാസ വ്യവസ്ഥകൾ അടുത്തറിയുക<br>• പൂന്തോട്ടമൊരുക്കൽ<br>• ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>• പച്ചക്കറിത്തോട്ട നിർമ്മാണം | ആവശ്യാനുസരണം<br><br>ജൂൺ | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ | |
| • ശാസ്ത്രപഠനം ലളിതമാക്കൽ | • ശാസ്ത്രമൂല തയ്യാറാക്കൽ<br>• ശാസ്ത്ര ക്ലബ്ബ്<br>• പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>• ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, തിത്രങ്ങൾ, വീഡിയോകൾ പ്രദർശിപ്പിക്കൽ. | ജൂൺ - മാർച്ച് | | |
| • ശാസ്ത്രപഠന പോഷണം | • തൈനടൽ<br>• ആഹാരശൃംഖലാജാലം കണ്ടെത്തൽ<br>• ശാസ്ത്ര പ്രദർശനം<br>• ഡ്രൈ ഡെ ആചരിക്കൽ<br>• കാന്തം ഉപയോഗിച്ച് ചിത്രം വരയ്ക്കൽ<br>• വൈദ്യുത സർക്കീട്ടുകൾ പരിചയപ്പെടൽ<br>• മണ്ണൊലിപ്പ് തടയൽ (ചർച്ച)<br>• മർദ്ദമാപിനി നിർമ്മാണം<br>• ചന്ദ്രനിരീക്ഷണം<br>• പ്രഥമ ശുശ്രൂഷ സെമിനാർ<br>• സ്റ്റെതസ്കോപ്പ് നിർമ്മാണം<br>• ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം<br>• വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ സാമൂഹ്യശാസ്ത്രം (സ്കൂൾ തലം)

## ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. യു.പി. വിഭാഗം എല്ലാ വിദ്യാർത്ഥികളെയും ലക്ഷ്യം വച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സമൂഹത്തിന്റെ വികാസ പരിണാമങ്ങൾ അറിയുക. പരിസ്ഥിതി സംരക്ഷണം ശരിയായ സാമൂഹ്യ കാഴ്ച പ്പാടുകൾ വളർത്തൽ എന്നിവ സാമൂഹ്യശാസ്ത്രപഠനം ലക്ഷ്യം വയ്ക്കുന്നു. പഠനപ്ര വർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരമായി മാറ്റാനും അതോ ടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. സമൂഹത്തോടും രാജ്യത്തോടുമുള്ള കടപ്പാടും സ്വന്തം രാജ്യ ത്തെക്കുറിച്ചുള്ള അഭിമാനബോധവും വളർത്തുന്നു.

## ലക്ഷ്യങ്ങൾ

- ✸ സമൂഹത്തിന്റെ വികാസപരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്തു വാനുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക.
- ✸ പരിസ്ഥിതി സംരക്ഷണം സുസ്ഥിര വികസനം എന്നീ ആശയങ്ങൾ സ്വാംശീകരി ക്കുന്നതിന് സാധിക്കുന്നു.
- ✸ വർത്തമാനകാല സാഹചര്യങ്ങളെ ഇന്നലെകളുടെ പശ്ചാത്തലത്തിൽ അപഗ്രഥിച്ച് നാളെയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് ചരിത്രപഠനം സഹാ യിക്കുന്നു.
- ✸ ശരിയായ സാമൂഹിക കാഴ്ചപ്പാടും പാരിസ്ഥിതിക അവബോധവും വളർത്തുന്നതി നുതകുന്ന ധാരണകൾ, മനോഭാവങ്ങൾ മൂല്യങ്ങൾ നൈപുണികൾ എന്നിവ ഉൾക്കോ ള്ളുന്നതാണ് സാമൂഹ്യശാസ്ത്ര പഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • സാമൂഹ്യശാസ്ത്ര പഠനപോഷണം | മുഗൾ ഭരണാധികാരികളെ പരിചയപ്പെടൽ<br>വിജയനഗരഭരണം സാമൂഹിക സാമ്പത്തിക സ്ഥിതി കണ്ടെത്തൽ പീലിയുടെ ഗ്രാമത്തിന്റെ ഭാവനാചിത്രം വരയ്ക്കൽ വിവിധ സാംസ്കാരങ്ങൾ പരിചയപ്പെടൽ. | ജൂൺ | അധ്യാപകർ പി.ടി.എ. | അധ്യാപകർ പി.ടി.എ. |
| | മധ്യകാല ഇന്ത്യയിലെ സാംസ്കാരിക പ്രസ്ഥാനങ്ങൾ കണ്ടെത്തൽ.<br>ഭക്തിപ്രസ്ഥാനത്തിലെ കവികളെ കണ്ടെത്തൽ<br>ഭക്ഷ്യമേള നടത്തൽ<br>ആദ്യകാല രാഷ്ട്രങ്ങൾ പരിചയപ്പെടൽ | ജൂലായ് | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |
| | ഭരണഘടനയുടെ സവിശേഷതകൾ കണ്ടെത്തൽ സെമിനാർ<br>ഭരണഘടനയുടെ ധർമ്മങ്ങൾ കണ്ടെത്തൽ ചർച്ച<br>വിവിധതരം തൊഴിലുകൾ കണ്ടെത്തൽ ചിത്രശേഖരണം.<br>ഗവൺമെന്റിന്റെ ചുമതലകൾ ഉൾപ്പെടുത്തി ആശയ ഭൂപടം തയ്യാറാക്കൽ. | ആഗസ്റ്റ് | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |
| | ഭൂമിയുടെ ഘടന പഠനോപകരണ നിർമ്മാണം.<br>ഓസോൺദിന പോസ്റ്റർ നിർമ്മാണം<br>വസ്ത്രവുമായി ബന്ധപ്പെട്ട് വിവിധ നൂലുകൾ ശേഖരിക്കൽ<br>ഗ്ലോബിന്റെ മാതൃക തയ്യാറാക്കൽ | സെപ്തംബർ | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • സാമൂഹ്യ ശാസ്ത്ര പഠന പോഷണം | ഇന്ത്യൻ ഉപഭൂഖണ്ഡം പ്രത്യേകത കണ്ടെത്തൽ<br>പ്രധാന ഭക്ഷ്യവിളകൾ കണ്ടെത്തൽ<br>ക്ലാസ്മുറിയുടെ സ്കെച്ച് തയ്യാറാക്കൽ | ഒക്ടോബർ | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |
| | ഭക്ഷ്യോൽപാദനവും ഭക്ഷ്യ സുരക്ഷയും ചർച്ച<br>ഇന്ത്യയിലെ വ്യവസായങ്ങൾ കണ്ടെത്തൽ<br>ക്ലാസിൽ ഗ്രാമസഭ കൂടൽ<br>വിവിധ വ്യവസാങ്ങളുടെ ചിത്രശേഖരണം | നവംബർ | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |
| | മധ്യകാല ഇന്ത്യ വാസ്തു വിദ്യ ചിത്രങ്ങൽ ശേഖരിക്കൽ<br>മധ്യകാല ഇന്ത്യ സാഹിത്യം കൃതികൾ കണ്ടെത്തുക.<br>ലോകഭൂപടം നിർമ്മിക്കൽ | ഡിസംബർ | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |
| | മധ്യകാല കേരളം ഭരണം സെമിനാർ | ജനുവരി | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |
| | മനുഷ്യാവകാശങ്ങൾ കുട്ടികളുടെ അവകാശങ്ങൾ സ്ത്രീകളുടെ അവകാശങ്ങൾ ചർച്ച | ഫെബ്രുവരി | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |
| | പുനസ്ഥാപിക്കപ്പെടുന്ന വിഭവങ്ങൾ<br>പുനസ്ഥാപിക്കാത്ത വിഭവങ്ങൾ കണ്ടെത്തൽ | മാർച്ച് | അധ്യാപകർ പി.ടി.എ | അധ്യാപകർ പി.ടി.എ |

**അക്കാദമിക് മാസ്റ്റർ പ്ലാൻ – ഹിന്ദി**

**ഗവ. യു.പി.സ്കൂൾ പുതുരുത്തി**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ, പദങ്ങൾ, ആശയങ്ങൾ ഉറപ്പിക്കൽ | വായനകാർഡുകൾ - അക്ഷരങ്ങൾ, വാക്യങ്ങൾ, വാക്കുകൾ, ചിഹ്നങ്ങൾ, ചിത്രങ്ങൾ എന്നിവ അടങ്ങിയത്.<br>അക്ഷരമാല പ്രദർശനം<br>വാക്കുകൾ, വാക്യങ്ങൾ നിർമ്മാണം<br>കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.<br>ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>ഗൃഹോപകരണങ്ങൾ തുടങ്ങിയ വസ്തുക്കളുടെ പട്ടിക തയ്യാറാക്കൽ.<br>CWSN കുട്ടികളുടെ പങ്കാളിത്തം | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപിക |
| വായന പരിജ്ഞാനം | വർണ്ണ ചിത്രങ്ങൾ അടങ്ങിയ കഥാബുക്കുകൾ ലഭ്യമാക്കുക.<br>ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ചു വായനയ്ക്കായി തയ്യാറാക്കുക<br>ദേശീയ ഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ, ദിവസങ്ങൾ എന്നിവ സ്ഥിരമായി വായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | സെപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപിക |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുനവാൻ പ്രാപ്തരാക്കുക. | ഹിന്ദി ദിനാചരണങ്ങൾ<br>ഹിന്ദി അസംബ്ലി - പ്രാർത്ഥന, പ്രതിജ്ഞ, വാർത്ത, ചിന്താവിഷയം, ജന്മദിനാശംസാഗീതം, എന്നിവ ഹിന്ദിയിൽ<br>സുരീലി ഹിന്ദി പ്രവർത്തനങ്ങൾ<br>ഹിന്ദി ബോൻചാൽ ലാബ്<br>ഹിന്ദി മത്സരങ്ങൾ - സ്കിറ്റ്, പ്രസംഗം, കവിതാലാപനം, കഥാവതരണം, കഥാരചന, കവിതാരചന എന്നിവയ്ക്കായി വേദി ഒരുക്കുക. വിജയികൾക്ക് സമ്മാനം. | നവംബർ മുതൽ ഡിസംബർ വരെ | ഹിന്ദി അധ്യാപിക |
| ഹിന്ദി എഴുത്ത് | ഹിന്ദി കോപ്പിയെഴുത്ത് മാസിക നിർമ്മാണം<br>പ്രധാന ദിനാചരണങ്ങളിൽ പോസ്റ്റർ തയ്യാറാക്കൽ<br>ചുമർ പത്രിക | ജനുവരി മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |

**സംസ്കൃതം അക്കാദമിക് മാസ്റ്റർ പ്ലാൻ – ക്ലാസ് 5,6,7 (2025 – 2026)**

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | **1. ഭാഷാജ്ഞാനം**<br>അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>അക്ഷര ക്രീഡ<br>അക്ഷരമാല പ്രദർശനം<br>അക്ഷരമരം നിർമ്മിക്കൽ<br>വാക്കുകൾ എഴിതിയ കാർഡ്<br>വാക്യങ്ങൾ എഴുതിയ കാർഡ് | ജൂൺ – ആഗസ്റ്റ് | അക്ഷര ചാർട്ട് പാഠപുസ്തകം ICT | PTA റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം**<br>ചിത്രങ്ങളുടെ പേര് പറയൽ<br>ചിത്രകഥകൾ<br>ലഘുസംഭാഷണങ്ങൾ<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ – ജൂലായ് | സംസ്കൃത കഥാപുസ്തകം ICT | അധ്യാപിക |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകയും പരിശീലിക്കാനുള്ള അവസരം | സെപ്തംബർ – ഒക്ടോബർ | സംസ്കൃത നിഘണ്ടു പഴയകാല സംസ്കൃത ടെക്സറ്റ് ബുക്കുകൾ | അധ്യാപിക |
| വായനാഘോഷം<br>(കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | തെരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>ഓരോ സംസ്കൃത പിരീഡിലും കുട്ടികളെകൊണ്ട് ഉറക്കെ വായിപ്പിക്കുക. നന്നായി വായിക്കാൻ പ്രോത്സാഹനം നൽകുക. | 6 മാസം | ക്ലാസ് ലൈബ്രറി പാഠപുസ്തകം | അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനങ്ങൾ | സംസ്കൃത ക്ലബ്ബ് രൂപീകരണം പഠനോപകരണ നിർമ്മാണം ഗൃഹസന്ദർശനം | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം പാഠപുസ്തകം ലൈബ്രറി | അധ്യാപിക |
| മത്സരപരൂക്ഷകൾക്ക് തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. എല്ലാ മാസവും ക്വിസ് മത്സരങ്ങൾ നടത്തുന്നു. മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കി നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ്റൂം ICT | അധ്യാപിക |
| **ആസ്വാദന ലോകം** ഓരോ കുട്ടികളുടേയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും പ്രകടനങ്ങൾ കാഴ്ചവെയ്കാകാനുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു. | മാസത്തിൽ അവസാനത്തെ വെള്ളിയാഴ്ച സർഗ്ഗവേള സംഘടിപ്പിക്കുന്നു. സർഗ്ഗശേഷിയുള്ള കുട്ടികളെ കണ്ടെത്തി സംസ്കൃതോത്സവത്തിൽ പങ്കെടുപ്പിക്കുന്നു. | 5 മാസം | സംസ്കൃതം ക്ലാസ് റൂം ICT | അധ്യാപിക |

# ദിനാചരണങ്ങൾ 2025 – 2025

## ജൂൺ 2025

| ക്രമനമ്പർ | തിയ്യതി | ദിനാചരണങ്ങൾ |
|---|---|---|
| 1 | 2-6-2025 | പ്രവേശനോത്സവം |
| 2 | 4-6-2025 | SRG Meeting |
| 3 | 5-6-2025 | പരിസ്ഥിതിദിനം - പ്രതിജ്ഞ, പോസ്റ്റർ രചന, ക്വിസ് മത്സരം, ഫോട്ടോ ഗ്രാഫി മത്സരം - കുട്ടികൾ ചെടി നടുന്നത്. |
| 4 | 9-6-2025 | ക്ലബ്ബുകളുടെ രൂപീകരണം |
| 5 | 11-6-2025 | SRG Meeting |
| 6 | 18-6-2025 | SRG Meeting |
| 7 | 19-6-2025 | വായനദിനം - പി.എൻ. പണിക്കർ അനുസ്മരണം, പുസ്തക പരിചയം, ആസ്വാദനക്കുറിപ്പ് മത്സരം. |
| 8 | 21-6-2025 | അന്താരാഷ്ട്ര യോഗദിനം |
| 9 | 26-6-2025 | SRG Meeting<br>ലോക ലഹരി വിരുദ്ധ ദിനം |

## ജൂലായ് 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | SRG | |
| 5 | ബഷീർ ദിനം | കുറിപ്പ് വായന, കഥാപാത്രാവിഷ്ക്കാരം |
| 8 | ക്ലാസ് പി.ടി.എ, SRG | |
| 10 | ക്ലബ്ബ് ഉദ്ഘാടനം | |
| 11 | ലോക ജനസംഖ്യാദിനം | കുറിപ്പ് വായന |
| 15 | സ്കൂൾ ഇലക്ഷൻ, SRG | |
| 21 | ചാന്ദ്രദിനം | ക്വിസ്, പാട്ടുകൾ, റോക്കറ്റുനിർമ്മാണം, പോസ്റ്റർ രചന |
| 22 | SRG | |
| 29 | യൂണിറ്റ് ടെസ്റ്റ്, SRG | |

## ആഗസ്റ്റ് 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 6-8-2025 | ഹിരോഷിമ ദിനം, SRG | പോസ്റ്റർ രചന മത്സരം |
| 9-8-2025 | ക്വിറ്റ് ഇന്ത്യദിനം | വിവരണം - വായന |
| | നാഗസാക്കി ദിനം | കുറിപ്പ് - വായന |
| 13-8-2025 | SRG | |
| 15-8-2025 | സ്വാതന്ത്ര്യദിനം | പ്രസംഗമത്സരം, ഫേൻസി ഡ്രസ്സ്, ദേശഭക്തി ഗാനം, ക്വിസ് മത്സരം, പോസ്റ്റർ രചന മത്സരം |
| 17-8-2025 | കർഷകദിനം | കുറിപ്പ് വായന, നാടൻപാട്ട്, കൃഷിപ്പാട്ട്, ഫേൻസി ഡ്രസ്സ്, മികച്ച കർഷകരെ ആദരിക്കൽ |
| 20-8-2025 | SRG | |
| 27-8-2025 | SRG | |

## സെപ്തംബർ 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 5-9-2025 | ദേശീയ അധ്യാപകദിനം | |
| 10-9-2025 | SRG meeting | |
| 14-9-2025 | ദേശീയ ഹിന്ദി ദിനം | ഹിന്ദി അസംബ്ലി |
| 16-9-2025 | ഓസോൺ ദിനം | പോസ്റ്റർ രചന<br>കുറിപ്പവതരണം |
| 17-9-2025 | SRG meeting | |
| 24-9-2025 | SRG meeting | |

## ഒക്ടോബർ 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 2-10-2025 | ഗാന്ധിജയന്തി | ക്വിസ്, പോസ്റ്റർ, കുറിപ്പ് |
| 5-10-2025 | അന്താരാഷ്ട്ര | |
| | അധ്യാപക ദിനം | കുറിപ്പ് |
| 8-10-2025 | SRG | |
| 10-10-2025 | ദേശീയ തപാൽ ദിനം | പോസ്റ്റോഫീസ് സന്ദർശനം |
| 13-10-2025 | സംസ്ഥാന കായികദിനം | കായികതാരങ്ങളെ പരിചയപ്പെടുത്തൽ |
| 15-10-2025 | SRG | |
| 16-10-2025 | ലോക ഭക്ഷ്യദിനം | ഭക്ഷ്യമേള |
| 22-10-2025 | SRG | |
| 24-10-2025 | ഐക്യരാഷ്ട്ര ദിനം | ക്വിസ്, കുറിപ്പ് |
| 29-10-2025 | SRG | |

## നവംബർ 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1-11-2025 | കേരളപ്പിറവി ദിനം | കുറിപ്പ് വായന, പോസ്റ്റർ നിർമ്മാണം ക്വിസ് മത്സരം, കേരളഗാനാലാപനം |
| 5-11-2025 | SRG | |
| 12-11-2025 | SRG | |
| 14-11-2025 | ശിശുദിനം | ക്വിസ് മത്സരം, ശിശുദിനഗാനങ്ങൾ, ചിത്രരചന മത്സരം, പ്രച്ഛന്നവേഷം |
| 19-11-2025 | SRG | |
| 26-11-2025 | SRG | |

## ഡിസംബർ 2025

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1-12-2025 | ലോക എയ്ഡ്സ് ദിനം | അസംബ്ലിയിൽ കുറിപ്പ് വായിക്കുന്നു |
| 3-12-2025 | SRG<br>ലോകഭിന്നശേഷി ദിനം | CWSN കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്കൂൾ അസംബ്ലി<br>പ്രത്യേക പരിഗണനയർഹിക്കുന്ന പ്രശസ്ത രായ വ്യക്തികളെ ഓരോ ക്ലാസിൽനിന്നും പരി ചയപ്പെടുത്തുന്നു. |
| 10-12-2025 | SRG<br>ലോക മനുഷ്യാവകാശ ദിനം | കുറിപ്പ് വായന |
| 15-12-2025 മുതൽ 19-12-2025 | അർദ്ധവാർഷിക പരീക്ഷ | |
| 19-12-2025 | ക്രിസ്തുമസ് ആഘോഷം | |
| 22-12-2025 മുതൽ 26-12-2025 | ക്രിസ്തുമസ് അവധി | |

## ജനുവരി 2026

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1-1-2026 | പുതുവർഷം | സന്ദേശം |
| 8-1-2026 | SRG | |
| 10-1-2026 | ലോക ഹിന്ദി ദിനം | പോസ്റ്റർ നിർമ്മാണം<br>പ്രസംഗം |
| 14-1-2026 | SRG | |
| 21-1-2026 | SRG | |
| 24-1-2026 | ദേശീയ ബാലികാദിനം | കുറിപ്പ് വായന |
| 26-1-2026 | റിപ്പബ്ലിക് ദിനം | ക്വിസ് മത്സരം, പതാക ഉയർത്തൽ, പ്രസംഗം റിപ്പബ്ലിക് സന്ദേശം, പോസ്റ്റർ നിർമ്മാണം |
| 28-1-2026 | SRG | |
| 30-1-2026 | രക്തസാക്ഷിദിനം | രക്തസാക്ഷി അനുസ്മരണം, ഗാന്ധി ക്വിസ്, കുറിപ്പ് വായന |

## ഫെബ്രുവരി 2026

| തിയ്യതി | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 2-2-2026 | ലോക തണ്ണീർത്തടദിനം | കുറിപ്പ് വായന, വീഡിയോ പ്രദർശനം |
| 4-2-2026 | SRG | |
| 11-2-2026 | SRG | പോസ്റ്റർ നിർമ്മാണം<br>പ്രസംഗം |
| 12-2-2026 | ചാൾസ്ഡാർ വിൻ ദിനം | കുറിപ്പ് വായന |
| 13-2-2026 | ലോക റേഡിയോ ദിനം | റേഡിയോ പരിപാടികൾ പരിചയപ്പെടൽ |
| 18-2-2026 | SRG | |
| 21-2-2026 | ലോകമാതൃഭാഷാദിനം | കവിതാലാപനം, പോസ്റ്റർനിർമ്മാണം |
| 25-2-2026 | SRG | |
| 28-2-2026 | ദേശീയ ശാസ്ത്രദിനം | ലഘുപരീക്ഷണം നടത്തൽ, ചുമർപത്രിക, ക്വിസ് മത്സരം, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ |